

◆ വിശകലനം

**സുമയ്യ ഗനൂശി**

ലണ്ടൻ സർവകലാശാലയിലെ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽ ഗവേഷകയും കോളമിസ്റ്റുമായ സുമയ്യ ഗനൂശി *ഗാർഡിയൻ* ദിനപത്രത്തിൽ എഴുതിയ ലേഖനം.

# ജനാധിപത്യത്തിന് വിട

ജനാധിപത്യം, പരിഷ്കരണം, സദ്ഭരണം തുടങ്ങിയവയെ കുറിച്ച ബഹളങ്ങളെല്ലാം മതിയാക്കി ബുഷ് ഭരണകൂടം അറബ്‌ലോകത്തെ രാഷ്ട്രീയ പരിഷ്കരണത്തെക്കുറിച്ച ഫയൽ മെല്ലെ മടക്കിവെച്ചിരിക്കുന്നു. ഏകാധിപത്യ സുഹൃത്തുക്കൾക്ക് ഇനി പേടി വേണ്ട. അമേരിക്കൻ ഭരണകൂടം പഴയ വഴിയിൽ തിരിച്ചെത്തിക്കഴിഞ്ഞു. രാഷ്ട്രീയ മാറ്റമല്ല; സ്ഥിരതയും (രാഷ്ട്രീയ, സൈനിക താൽപര്യങ്ങളുടെ സംരക്ഷണത്തെ വിളിക്കുന്ന ഓമനപ്പേര്) കഴിയുന്നത്ര കുറഞ്ഞ വിലയ്ക്ക് എണ്ണയുടെ ഒഴുക്കും ഉറപ്പുവരുത്തുകയാണ് പ്രധാനം.

ഇറാഖധിനിവേശം മേഖലയിൽ നിലവിലുള്ള ശാക്തിക സന്തുലനത്തെ കീഴ്മേൽ മറിക്കുമെന്ന് ബുഷ്ഭരണകൂടം കണക്കുകൂട്ടിയിരുന്നു. ഇറാഖിനു സമീപമുള്ള അറബ്ഭരണകൂടങ്ങൾ അമേരിക്കൻ/ഇസ്രയേലീ ഉത്തരവുകൾക്ക് വഴങ്ങേണ്ടിവരുമെന്നും ഇല്ലെങ്കിൽ അവരെ പുറന്തള്ളി കൂടുതൽ വഴങ്ങുകയും മെരുങ്ങുകയും വാഷിംഗ്ടണിന്റെ ആവശ്യങ്ങളോട് അനുകൂലമായി പ്രതികരിക്കുകയും ചെയ്യുന്ന, മേഖലയെ കുറിച്ച അമേരിക്കൻ വീക്ഷണത്തോട് പൊരുത്തപ്പെടുന്ന ചില പ്രമാണിമാരെ പകരം വെക്കാനായിരുന്നു പരിപാടി. ഘോരമായ സൈനികയുദ്ധത്തിനു സമാന്തരമായി ജനാധിപത്യത്തിന്റെയും പരിഷ്കരണത്തിന്റെയും മുദ്രാവാക്യമുയർത്തിയും സ്വാതന്ത്ര്യവും പുരോഗതിയും വാഗ്ദാനം ചെയ്തും ഒരു ശീതയുദ്ധവും അരങ്ങേറി.

എങ്കിലും മേഖലയിൽ ജനാധിപത്യം വരുന്നതിനോട് അമേരിക്കക്ക് ഒരിക്കലും പ്രതിബദ്ധതയില്ല എന്നതാണ് വാസ്തവം. തങ്ങളുടെ താൽപര്യങ്ങൾക്കനുയോജ്യമായ പുതിയൊരു മിഡിൽ ഈസ്റ്റ് നിർമിക്കാൻ സൗകര്യപ്രദമായ ഉപകരണമായാണ് അമേരിക്കയെ നയിക്കുന്നവർ ജനാധിപത്യത്തെ കാണുന്നത്. തീവ്ര വലതുപക്ഷക്കാരനായ ഏരിയൽ ഷാരോണിന്റെ വലംകൈയായിരുന്ന മുൻ ഇസ്രയേലീ അനധികൃത കുടിയേറ്റ മന്ത്രി അനാറ്റലി ഷാറൻസ്കിയായിരുന്നു ബുഷിന്റെ ജനാധിപത്യവത്കരണ പദ്ധതിയുടെ പ്രചോദനം എന്നതുതന്നെ അതിന്റെ മർമത്തിലെ മാരകമായ വൈകല്യത്തിന്റെ അടയാളമാണ്. ഒരു വായനാപ്രിയനായി അമേരിക്കൻ പ്രസിഡന്റ് അറിയപ്പെടുന്നില്ലെങ്കിലും താൻ കണ്ടുമുട്ടുന്നവരിൽ ഏറക്കുറെ എല്ലാവരോടും അദ്ദേഹം ഷാറൻസ്കിയുടെ പുസ്തകം വായിക്കാൻ ശിപാർശ ചെയ്യുന്നതായി വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തന്റെ രണ്ടാം ടേമിലെ ആദ്യ പ്രസംഗത്തിൽ അദ്ദേഹം അത് ഏറക്കുറെ പദാനുപദമായി ഉദ്ധരിക്കുകയും ചെയ്തു. 'വിദേശനയത്തെക്കുറിച്ച് ഞാൻ എങ്ങനെ ചിന്തിക്കുന്നു എന്ന സൂചന ലഭിക്കണമെന്നുണ്ടെങ്കിൽ നാതൻ ഷാറൻസ്കിയുടെ *ദ കേസ് ഫോർ ഡിമോക്രസി* വായിക്കുക. മഹത്തായ പുസ്തകമാണത്'- എന്നാണ് *വാഷിംഗ്ടൺ പോസ്റ്റ്* പ്രതിനിധിയോട് ബുഷ് പറഞ്ഞത്.

'നല്ല' ഏകാധിപത്യങ്ങളെ സഹായിക്കുകയും അവയെക്കൊണ്ട് കുറ്റം ചെയ്യിക്കുകയുമാണ് ശീതയുദ്ധം മുതൽ അമേരിക്ക മുറുകെപ്പിടിച്ചുപോരുന്ന തൽസ്ഥിതി നിലനിർത്തൽ നയം. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ജനാധിപത്യവത്കരണ പദ്ധതി ഉപേക്ഷിച്ച് തൽസ്ഥിതി നിലനിർത്തുക എന്ന പഴയ കളിയിലേക്ക് തിരിച്ചുവരാനുള്ള ബുഷ് ഭരണകൂടത്തിന്റെ തീരുമാനത്തിനു പിന്നിൽ മൂന്നു ഘടകങ്ങളുണ്ട്:

1. ഇറാഖധിനിവേശം നടത്തുകയും ഇറാഖീ പ്രസിഡന്റിനെ നിഷ്കാസിതനാക്കുകയും ചെയ്തതിലൂടെ ബുഷും നവയാഥാസ്ഥിതികരും പ്രതീക്ഷിച്ച സമൃദ്ധിയുടെയും ക്ഷേമത്തിന്റെയും യുഗപ്പിറവിയുണ്ടായില്ല. ഇറാഖ് അറബ്‌ലോകത്തിന്റെ അസൂയയായി ത്തീർന്നില്ല. സദ്ദാമിന്റെ യുഗം നിഷ്ഠുരമായിരുന്നുവെങ്കിലും ഇതിനേക്കാൾ അതെത്ര നന്നായിരുന്നുവെന്ന് വിലപിക്കുന്ന, ഒരിക്കലും സംഭവിക്കാൻ പാടില്ലായിരുന്ന അവസ്ഥയിലേക്കാണ് ഇറാഖികളും അറബികളും എത്തിപ്പെട്ടത്.

2. ബുഷ്ഭരണകൂടത്തിന്റെ ആശ്രിതർ പലപ്പോഴും മത്സരങ്ങളിൽ കളത്തിനു പുറത്താവുകയോ അല്ലെങ്കിൽ നന്നെ ചുരുങ്ങിയത് ഏറ്റവും പിന്നിലാവുകയോ ചെയ്തതോടെ ബാലറ്റ് ബോക്സുകൾ പേടിസ്വപ്നമായി മാറി. വൈറ്റ് ഹൗസിലുള്ളവരുടേതിനേക്കാൾ തങ്ങളുടെ ജനതയുടെ താൽപര്യങ്ങൾക്കും ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും ചെവികൊടുത്ത ഇസ്‌ലാമിസ്റ്റുകളും ദേശീയവാദികളും 'തീവ്രവാദികളു'മാണ് വോട്ടുകളുടെ സിംഹഭാഗവും നേടിയത്.

2005-ൽ ഈജിപ്തിൽ ഇതാണ് സംഭവിച്ചത്. അറബ് ലോകത്തെ ഏറ്റവും പഴയതും ഏറ്റവും വലിയതുമായ ഇസ്‌ലാമിക പ്രസ്ഥാനമായ മുസ്‌ലിം ബ്രദർഹുഡ് (അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ) ശ്രദ്ധേയമായ മുന്നേറ്റം കാഴ്ചവെച്ചു. ഭരണകൂടത്തെ പ്രകോപിപ്പിക്കാതിരിക്കാൻ 454 പാർലമെന്റ് സീറ്റുകളിൽ 144-ൽ മാത്രമാണ് സംഘടന മത്സരിച്ചത്. തെരഞ്ഞെടുപ്പ് പ്രക്രിയയെ കളങ്കപ്പെടുത്തിയ ധാരാളം ചട്ടലംഘനങ്ങൾ നടക്കുകയും ചെയ്തു. എന്നിട്ടും ഏകദേശം മൂന്നിലൊന്ന് വോട്ട് നേടാൻ ബ്രദർഹുഡിന് സാധിച്ചു. മാസങ്ങൾക്കു ശേഷം ഫലസ്ത്വീൻ പാർലമെന്റ് തെരഞ്ഞെടുപ്പിലും ഇതുതന്നെ ആവർത്തിച്ചു. വാഷിംഗ്ടണിനെ ഭീതിയിലാഴ്ത്തി ഹമാസ് അധികാരത്തിലേറി. ബുഷ്ഭരണകൂടത്തിന് ഇതിൽ കൂടുതൽ താങ്ങാനാവുമായിരുന്നില്ല. ഈജിപ്തിലെയും ഫലസ്ത്വീനിലെയും തെരഞ്ഞെടുപ്പുകളിൽ വോട്ട്ചെയ്യുന്നവരെ പോലുള്ളവർക്ക് പറഞ്ഞിട്ടുള്ളതല്ല ജനാധിപത്യം എന്ന് ഒടുവിൽ തെളിഞ്ഞു. 'ഞങ്ങൾക്കാവശ്യമുള്ള ഭരണാധികാരികളെയും പ്രമാണിമാരെയും നിങ്ങൾ തെരഞ്ഞെടുക്കുക; ഇല്ലെങ്കിൽ നിങ്ങൾക്ക് ജനാധിപത്യവും പരിഷ്കരണവും പരിവർത്തന

വുമില്ല' എന്ന്!

3. വാഷിംഗ്ടണിന്റെ മുൻഗണനാക്രമം മാറിമറിഞ്ഞു. ഇറാനിയൻ 'ഭീഷണി' മുകളിലേക്കുയരുകയും പരിഷ്കരണം അഗാധതയിലേക്ക് താഴുകയും ചെയ്തു. ഭരണകൂടങ്ങളെ ഏകാധിപത്യമെന്നും ജനാധിപത്യമെന്നും തരംതിരിക്കുന്നതിനു പകരം 'തീവ്രവാദി' ഭരണകൂടങ്ങൾ എന്നും 'ശീഈ ചന്ദ്രക്കല' എന്നും സൗകര്യം പോലെ പേരിട്ടവയും അവക്കെതിരെ നിലയുറപ്പിച്ച 'മിതവാദി' ഭരണകൂടങ്ങളുമായി മേഖലയെ വിഭവിച്ചു. ഈയടുത്ത കാലം വരെ 'വഹാബി ഭീകരത'യുടെ ഉൽപാദന കേന്ദ്രമാണെന്നു പറഞ്ഞ് തള്ളിയിരുന്ന രാജ്യത്തെ പോലും മിതവാദി സുഹൃദ്രാഷ്ട്രങ്ങളുടെ പദവിയിലേക്കുയർത്തി.

ഈയിടെ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഈജിപ്തിൽ നടത്തിയ പര്യടനത്തിനിടെ, അൽഗദ് പാർട്ടിയുടെ നേതാവും അമേരിക്കൻ അനുകൂലിയുമായ അയ്മൻ നൂറിനെ മോചിപ്പിക്കണമെന്ന് ഭരണകൂടത്തോട് ആവശ്യപ്പെടുകയുണ്ടായി. തിങ്ങിനിറഞ്ഞ ഈജിപ്ഷ്യൻ ജയിലുകളിലെ ഏക രാഷ്ട്രീയ തടവുകാരനാണ് അയ്മൻ നൂർ എന്നാണ് ഇത് കേൾക്കുമ്പോൾ തോന്നുക. രാജ്യത്തെ ഏറ്റവും ശക്തമായ പ്രതിപക്ഷവും അഹിംസയിൽ അടിയുറച്ചുനിൽക്കുന്ന ഇസ്‌ലാമിക ഗ്രൂപ്പുമായ മുസ്‌ലിം ബ്രദർഹുഡിന്റെ പ്രമുഖ അംഗങ്ങളെ ഉന്നമിട്ട് അധികാരികൾ കൂട്ട അറസ്റ്റ് പുനരാരംഭിച്ചത് കോണ്ടലീസാ റൈസിന്റെ സന്ദർശനത്തിന്റെ ഏതാനും ദിവസം മുമ്പാണ്. നിരോധം നേരിടുന്ന ഏറ്റവും വലിയ സംഘടന മാത്രമാണ് ബ്രദർഹുഡ്. ഇതേ ഗതി അനുഭവിക്കുന്ന ധാരാളം രാഷ്ട്രീയ പാർട്ടികൾ വേറെയുമുണ്ട്. പന്ത്രണ്ട് പാർട്ടികൾ നൽകിയ പ്രവർത്തനാനുമതി ഹരജികൾ ഈജിപ്ഷ്യൻ അധികാരികൾ ഈയിടെ തള്ളുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പു ഫലം ആവർത്തിക്കുമെന്ന് പേടിച്ച്, ജനങ്ങൾ ഏറെ കാലമായി കാത്തിരിക്കുന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പ് മാറ്റിവെച്ചിരിക്കുന്നു. അതേസമയം ഇരുപത്തിയാറ് വർഷമായി തുടരുന്ന അടിയന്തരാവസ്ഥ വീണ്ടും പുതുക്കിയിരിക്കുകയാണ്. അടിച്ചമർത്തലും അഴിമതിയും ഏകാധിപത്യവുമെല്ലാമുണ്ടായിട്ടും മുബാറക്ഭരണകൂടത്തെ മിതവാദത്തിന്റെ തിളങ്ങുന്ന മാതൃകയായി പ്രകീർത്തിക്കുന്നു.

മേഖലയിലെ മാറ്റത്തിന് മുഖ്യതടസ്സം അമേരിക്കയാണെന്ന് രണ്ടുവർഷം മുമ്പ് കോണ്ടലീസാ റൈസ് സ്വബോധത്തോടുകൂടി തന്നെ ഏറ്റുപറഞ്ഞിരുന്നു. അതിന്റെ പേരിൽ അവർ വിചാരണ ചെയ്യപ്പെട്ടിട്ടുമില്ല. 'സ്ഥിരതക്കുവേണ്ടി പതിറ്റാണ്ടുകളോളം ഏകാധിപത്യത്തിന് സൗകര്യം ചെയ്തുകൊടുക്കുകയും അതിനോട് വിട്ടുവീഴ്ച കൈക്കൊള്ളുകയും ചെയ്തത് അനീതിയിലേക്കും അസ്ഥിരതയിലേക്കും ദുരന്തത്തിലേക്കും മാത്രമാണ് നയിച്ചതെന്ന് ഇനിയെങ്കിലും വ്യക്തമാവേണ്ടതുണ്ട്'- അവർ പറഞ്ഞു. വർഷങ്ങളായി (ചുരുങ്ങിയത് 60 വർഷം) ഇരുപക്ഷത്തുമുള്ള അമേരിക്കൻ പ്രസിഡന്റുമാർ ഇക്കാര്യത്തിൽ ഒരേ വഴിയുടെ രണ്ടു വശങ്ങളിലാണ്. ജനാധിപത്യസംബന്ധമായി മിഡിൽ ഈസ്റ്റിൽ ഒഴിഞ്ഞുമാറൽ നയമാണ് ഡെമോക്രാറ്റുകളും റിപ്പബ്ലിക്കന്മാരും സ്വീകരിച്ചിരുന്നത്. "മിഡിൽ ഈസ്റ്റിൽ ഉള്ളവർ യഥാർഥത്തിൽ സ്വാതന്ത്ര്യം ആഗ്രഹിക്കാത്തതിനാലോ നാം സ്ഥിരത ഉദ്ദേശിച്ചതിനാലോ അല്ലെങ്കിൽ നമ്മുടെ മറ്റു കാരണങ്ങളാലോ അവിടെ അധികാരപ്രമത്തതയുള്ള ഭരണകൂടങ്ങളാണുള്ളതെന്ന് പറയാൻ നാം തീരുമാനിച്ചിരിക്കുകയാണ്. മിഡിൽ ഈസ്റ്റിൽ നാം ജനാധിപത്യ അജണ്ട തള്ളിക്കൂടാ."

എന്നാൽ മിഡിൽ ഈസ്റ്റിനെ കുറിച്ച പഴയ നിലപാടിലേക്കു തിരിച്ചുപോകാനാണ് ബുഷ് ഭരണകൂടം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അതിനാൽ റൈസ് ഒരിക്കൽകൂടി സ്റ്റേജിൽ കയറി പ്രഖ്യാപിക്കേണ്ടതുണ്ട്; 'ഞങ്ങൾ കഴിഞ്ഞ കാലത്ത് ഏകാധിപത്യത്തെ പിന്തുണച്ചു. ഞങ്ങൾ ഇപ്പോഴും അതിനെ പിന്തുണക്കുന്നത് തുടരുന്നു. ജനാധിപത്യം, പരിവർത്തനം, മാറ്റം തുടങ്ങിയ അസംബന്ധങ്ങൾ മുഴുവൻ മറന്നേക്കുക. ഞങ്ങൾക്ക് ഞങ്ങളുടെ താൽപര്യങ്ങൾ നോക്കേണ്ടതുണ്ട്.' ■


## Statement about ownership and other particulars of
## PRABODHANAM WEEKLY

1. Place of Publication : Kozhikode
2. Periodicity of publication : Weekly
3. Printer's Name : K.M. Abdul Ahad
   Nationality : Indian
   Address : I.S.T. Building, Silver Hills, Kozhikode- 673 012
4. Publisher's Name
   Nationality } : As in item 3
   Address
5. Editor's Name : T.K. Ubaid
   Nationality : Indian
   Address : I.S.T. Building, Silver Hills, Kozhikode- 673 012
6. Name and Address of individuals who own the newspaper and partners or shareholders holding more than one percent of the total capital : Islamic Service Trust Kerala Kozhikode - 673 012

I, K.M. Abdul Ahad, hereby declare that the particulars given above are true to the best of my knowledge and belief.

Place: Kozhikode

Date: 10.3.2007

Sd/

Signature of the Publisher